## മൃഗസംരക്ഷണ വകുപ്പിലെ ആധുനികവൽക്കരണവും ഇ-ഗവേണൻസും

140 (5490) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. എം. പി. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മൃഗസംരക്ഷണവകുപ്പിൽ ആധുനികവൽക്കരണത്തിനും ഇ-ഗവേണൻസ് നടപ്പാക്കുന്നതിനും പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നത് ;

(സി) ഇതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

### ഉത്തരം

(എ) രൂപീകരിച്ചിട്ടുണ്ട്.

(ബി) മൃഗസംരക്ഷണ വകുപ്പിൽ ആധുനികവൽക്കരണവും ഇ-ഗവേണൻസും എന്ന ശീർഷകത്തിൽ താഴപ്പറയുന്ന ലക്ഷ്യങ്ങൾ കൈവരിക്കാൻ ഉദ്ദേശിക്കുന്നു.

1. മൃഗസംരക്ഷണ വകുപ്പിന് കീഴിലുള്ള എല്ലാ സ്ഥാപനങ്ങളേയും കമ്പ്യൂട്ടർവത്ക്കരിച്ച് ദൈനംദിന പ്രവർത്തനങ്ങൾ ഓൺ-ലൈനായി മോണിറ്റർ ചെയ്യുക.

2. കർഷകർക്ക് അവരുടെ ഉരുക്കളെപ്പറ്റിയുള്ള എല്ലാ വിവരങ്ങളും ഓൺലൈനായി ലഭ്യമാക്കുക.

3. വകുപ്പിന്റെ ഫയലുകൾ ഇ-ഓഫീസ് സംവിധാനത്തിലേക്ക് മാറ്റി, പേപ്പർ രഹിത ഓഫീസാക്കി മാറ്റുക.

4. ഭാവിയിൽ കർഷകരുടെ ബാങ്ക് അക്കൗണ്ടുകളിലേക്ക് നേരിട്ട് സബ്സിഡി തുകകൾ എത്തിക്കുക.

(സി) മൃഗസംരക്ഷണ വകുപ്പിൽ ആധുനികവത്ക്കരണത്തിനും ഇ-ഗവേണൻസ് നടപ്പാക്കുന്നതിനുമായി നടപ്പ് സാമ്പത്തിക വർഷം 215 ലക്ഷം രൂപയുടെ പദ്ധതികൾ രൂപീകരിച്ച് നടപ്പിലാക്കിവരുന്നു. കമ്പ്യൂട്ടർ, ലാപ്ടോപ്, ടാബ്ലറ്റ് കമ്പ്യൂട്ടർ, പ്രിന്ററുകൾ, എന്നിവ വാങ്ങാനുള്ള ടെണ്ടർ നടപടികൾ ആരംഭിച്ചിട്ടുണ്ട്. വകുപ്പിന്റെ വിവിധ പദ്ധതികളുടെ ഓൺലൈൻ മോണിറ്ററിംഗിനായി സോഫ്റ്റ്വെയറുകൾ തയ്യാറാക്കിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly